# സ്നേഹിക്കുന്നവർക്ക് സ്വയം വെളിപ്പെടുത്തുന്ന ദൈവം

## സന്തോഷ് കരുമത്ര

യോഹ 14:21–ൽ കാണുന്നു എന്റെ കല്പനകൾ സ്വീകരിക്കുകയും പാലിക്കുകയും ചെയ്യുന്നവനാണ് എന്നെ സ്നേഹിക്കുന്നത്. എന്നെ സ്നേഹിക്കുന്നവനെ എന്റെ പിതാവും സ്നേഹിക്കും. ഞാനും അവനെ സ്നേഹിക്കുകയും എന്നെ അവന് വെളിപ്പെടുത്തുകയും ചെയ്യും. ഈ വചനം നമ്മുടെ ജീവിതത്തിൽ അഭിഷേകമായി മാറുവാൻ ആഗ്രഹിച്ച് പ്രാർത്ഥിക്കാം. ദൈവത്തിന്റെ ആത്മാവ് വചനത്തിന്റെ ആത്മാവായി നമ്മുടെ ജീവിതത്തിൽ വെളിപ്പെടുവാനായി ആഗ്രഹിച്ചുകൊണ്ട് കർത്താവിന്റെ സന്നിധിയിലായിരുന്ന് നമുക്കു തുടർന്നു വായിക്കാം. ദൈവത്തിന്റെ വിശുദ്ധ വചനം നമ്മോട് പറയുന്നു. യേശു കർത്താവിനെ സ്നേഹിക്കുന്ന ജീവിതങ്ങൾക്ക് അവൻ സ്വയം വെളിപ്പെടുത്തുന്നു. യേശുവിന്റെ വെളിപ്പെടുത്തലുകൾ ആരെല്ലാം ആഗ്രഹിക്കുന്നുവോ അവർക്ക് കർത്താവിനെ സ്നേഹിക്കാനുള്ള ഹൃദയം വേണം. 1 യോഹ 5:3–ൽ നാം വായിക്കുന്നു, കർത്താവിനെ സ്നേഹിക്കുക എന്ന് പറഞ്ഞാൽ അവിടുത്തെ കല്പനകൾ പാലിക്കുക എന്നാണ് അർത്ഥമാക്കുന്നത്. കർത്താവിനെ അനുസരിക്കുന്നവർക്കാണ് തന്നെ കുറിച്ചുള്ള വെളിപ്പെടുത്തലുകൾ പകർന്നു നല്കുന്നത്.

യോഹന്നാൻ 20–ാം അദ്ധ്യായത്തിൽ ഇപ്രകാരം കാണുന്നു. കർത്താവിനോടുള്ള സ്നേഹത്തെപ്രതി മറിയം ആഴ്ചയുടെ ഒന്നാം ദിവസം അതിരാവിലെ ഇരുട്ടായിരിക്കുമ്പോൾ തന്നെ യേശുക്രിസ്തുവിന്റെ ശവകുടീരത്തിന്റെ സമീപത്തേക്ക് വന്നു. യഹൂദ പാരമ്പര്യമനുസരിച്ച് അതിരാവിലെ ഒരു സ്ത്രീ ഒറ്റക്ക് നടക്കുക എന്നു പറഞ്ഞാൽ അത് അവരുടെ പാരമ്പര്യത്തിന് ചേർന്നതല്ല. അനാവശ്യങ്ങൾ പലതും കേൾക്കാനിടയുണ്ട്. എന്നാൽ മറിയത്തിന് അത് ഒരു പ്രശ്നമായിരുന്നില്ല. കാരണം കർത്താവിന്റെ കാരുണ്യം ഉള്ളതുകൊണ്ടാണ് തനിക്ക് ഇന്ന് ഒരു ജീവിതമുള്ളത് എന്ന തിരിച്ചറിവ് അവൾക്ക് ഉണ്ടായിരുന്നു. കർത്താവിനോടുള്ള സ്നേഹത്തിൽ ആഴപ്പെടുവാൻ നമുക്ക് സാധിക്കണം. ഇന്ന് പലരും പറയുന്നു ഞങ്ങൾക്ക് കുടുംബം ഉള്ളതുകൊണ്ട് കർത്താവിന് ശുശ്രൂഷ ചെയ്യുവാൻ സാധിക്കുന്നില്ല. കുടുംബത്തിലെ കാര്യങ്ങൾ നോക്കണം. എന്നാൽ കർത്താവിനോടുള്ള ബന്ധത്തിൽ എന്റെ കുടുംബം തടസ്സമായി മാറുന്നുവെങ്കിൽ അത് ഒരു വിഗ്രഹം തന്നെയാണ്. അപ്രകാരം ഉള്ള പ്രവൃത്തി കർത്താവ് ആഗ്രഹിക്കുന്നില്ല. കർത്താവിനോടുള്ള സ്നേഹത്തിൽ വളരുവാൻ എന്റെ കുടുംബമോ തൊഴിലോ മറ്റൊന്നും തടസ്സമായി മാറരുത്.

വചനം കേൾക്കുന്നതും ശുശ്രൂഷയിൽ പങ്കെടുക്കുന്നതും എല്ലാം സമൂഹത്തിലെ താഴെക്കിടയിലുള്ളവർക്കുള്ള പരിപാടിയാണ് എന്ന ധാരണയാണ് പലർക്കുമുള്ളത്. എന്നാൽ നമുക്കുള്ളതെല്ലാം ദൈവത്തിന്റെ ദാനമാണ്. പൗലോസ് അപ്പസ്തോലൻ പറയുന്നു എല്ലാം ദൈവത്തിന്റെ ദാനമായിരിക്കെ ദാനമല്ലാത്ത മട്ടിൽ മനുഷ്യാ എന്തിനാണ് നീ അഹങ്കരിക്കുന്നത്. ഇത് നമ്മിലേക്കാണ് വിരൽ ചൂണ്ടുന്നത്. കർത്താവിനോടുള്ള ബന്ധത്തിൽ വളരുവാൻ ഒരു സാഹചര്യവും നമുക്ക് തടസ്സമാകരുത്. പൗലോസ് അപ്പസ്തോലൻ ലോകം കണ്ടതിൽ വെച്ച് ഏറ്റവും വലിയ ദൈവശാസ്ത്ര വിദഗ്ധനായിരുന്നു. റോമ 8:35 ൽ പറയുന്നു കർത്താവിന്റെ സ്നേഹത്തിൽ നിന്ന് ആര് നമ്മെ വേർപ്പെടുത്തും. ലോകത്തിലുള്ള ഒന്നിനും കർത്താവിനോടുള്ള സ്നേഹത്തിൽ നിന്ന് പിൻതിരിപ്പിക്കാൻ സാധ്യമല്ല. കർത്താവുമായി വിട്ടുപിരിയാത്ത ഒരു ബന്ധത്തിലേക്ക് കടന്നുവരുവാനാണ് യേശു ആഗ്രഹിക്കുന്നത്. മറിയം അതുപോലുള്ള ഒരു ജീവിതത്തിനുടമയായിരുന്നു.

അവൾ അതിരാവിലെ യേശുവിന്റെ കല്ലറയിലേക്ക് കടന്നു ചെന്നു. യേശുവിന്റെ കല്ലറയ്ക്കു ചുറ്റുമുള്ള റോമൻ കാവൽഭടന്മാർ കഠിന ഹൃദയമുള്ളവരായിരുന്നു. ദുഷ്ടന്മാരായ പട്ടാളക്കാരുടെ നടുവിലേക്കാണ് മറിയം ഒറ്റയ്ക്ക് കടന്നുചെല്ലുന്നത്. എന്നാൽ മറിയത്തിന് തന്റെ കർത്താവിനോടുള്ള സ്നേഹത്തെപ്രതി ആ പ്രതിബന്ധങ്ങളൊന്നും ഒരു വിഷയമായിരുന്നില്ല. തനിക്ക് എന്ത് വേണമെങ്കിലും സംഭവിച്ചു കൊള്ളട്ടെ. എന്റെ യേശു എനിക്കേറ്റവും വിലപ്പെട്ടവനാണ്. ഈ തിരിച്ചറിവ് അവ

ളിൽ ഉണ്ടായപ്പോൾ എല്ലാ പ്രതിബന്ധങ്ങളും അവൾക്ക് കർത്താവിനോടുള്ള സ്നേഹമായിട്ടാണ് തോന്നിയത്. കർത്താവിന്റെ സ്നേഹത്തിൽ ആരെല്ലാം വളർന്നിട്ടുണ്ടോ അവരെല്ലാം ഈ വിധം ആഗ്രഹിച്ചവരായിരുന്നു. ലൂക്കായുടെ സുവിശേഷത്തിൽ നമ്മുടെ അമ്മ ഉദ്ഘോഷിക്കുന്നുണ്ട് വിശക്കുന്നവരെ വിശിഷ്ട വിഭവങ്ങൾ കൊണ്ട് ദൈവം തൃപ്തിപ്പെടുത്തി. കർത്താവിന് വേണ്ടി ദാഹിക്കുന്നവരെയാണ് പരിശുദ്ധാത്മാവ് സഭയുടെ നന്മയ്ക്ക് വേണ്ടിയും കുടുംബങ്ങളുടെ നവീകരണത്തിനു വേണ്ടിയും ഉപയോഗിക്കുന്നത്.

മറിയം സ്നേഹത്തോടുകൂടി കർത്താവിന്റെ മുൻപിലേക്ക് കടന്നു ചെന്നു. ഇതാ കല്ലറ ശൂന്യമായി കിടക്കുന്നു. അവൾ ഓടിച്ചെന്ന് യേശുവിന്റെ ശിഷ്യന്മാരെ വിവരം അറിയിച്ചു. അവർ ഒഴിഞ്ഞ കല്ലറ കണ്ട് സാക്ഷ്യപ്പെടുത്തി. യേശു ഉത്ഥിതനായി എന്ന് പറഞ്ഞ് അവർ അവിടെ നിന്ന് ഓടിപ്പോയി. എന്നാൽ യോഹ 20:11–ൽ കാണുന്നു മറിയം കല്ലറക്ക് വെളിയിൽ കരഞ്ഞ് കൊണ്ട് നിന്നു. തന്റെ കർത്താവിന്റെ ശരീരം ആരോ എടുത്ത് കൊണ്ട് പോയി എന്ന് വിചാരിച്ച് അവൾ കരഞ്ഞുകൊണ്ട് കാത്തു നിന്നു. അവളുടെ സ്നേഹത്തിനു മുൻപിൽ നിർബന്ധിതനായിട്ടാണ് ഉത്ഥിതനായ കർത്താവ് അവൾക്ക് മുൻപിൽ ആദ്യം പ്രത്യക്ഷപ്പെട്ടത്. ഏശയ്യാ 40:29 മുതലുള്ള വചനം പറയുന്നു തളർന്നവന് അവിടുന്ന് ബലം നൽകുന്നു. ദുർബലന് ശക്തി പകരുകയും ചെയ്യുന്നു. യുവാക്കൾ പോലും തളരുകയും ക്ഷീണിക്കുകയും ചെയ്തേക്കാം. എന്നാൽ ദൈവത്തിലാശ്രയിക്കുന്നവർ വീണ്ടും ശക്തി പ്രാപിക്കും. അവർ കഴുകന്മാരെ പോലെ ചിറകടിച്ച് ഉയരും. അവർ ഓടിയാലും ക്ഷീണിക്കുകയില്ല. നടന്നാൽ തളരുകയില്ല. കർത്താവിനായി കാത്തിരിക്കുന്നവരെല്ലാം പുത്തൻ ശക്തി പ്രാപിക്കും. അവർ കാലഘട്ടത്തിന്റെ അഭിഷേകം സ്വന്തമാക്കും.

കർത്താവിന്റെ കല്ലറക്ക് സമീപം മറിയം കരഞ്ഞുകൊണ്ട് നിൽക്കുന്നതു കണ്ടപ്പോൾ വെള്ള വസ്ത്രം ധരിച്ച രണ്ട് ദൂതന്മാർ അവളോട് ചോദിച്ചു, സ്ത്രീയേ നീ എന്തിന് കരയുന്നു. അവൾ പറഞ്ഞു എന്റെ കർത്താവിനെ അവർ എടുത്തു കൊണ്ട് പോയി. അവനെ എവിടെയാണ് വെച്ചിരിക്കുന്നതെന്ന് എനിക്കറിഞ്ഞുകൂടാ. അവളുടെ വാക്കുകളിലെല്ലാം തന്റെ പ്രിയപ്പെട്ടവരോടുള്ള സ്നേഹം പ്രതിഫലിക്കുകയായിരുന്നു. മറിയം പുറകോട്ട് തിരിഞ്ഞപ്പോൾ യേശു നിൽക്കുന്നത് കണ്ട് അവൾ കണ്ടു. അവൾക്ക് അത് യേശുവാണെന്ന് മനസ്സിലായില്ല. യേശു അവളോട് ചോദിച്ചു. സ്ത്രീയേ നീ എന്തിനാണ് കരയുന്നത്. നീ ആരെയാണ് അന്വേഷിക്കുന്നത്. അത് തോട്ടക്കാരനാണെന്ന് വിചാരിച്ച് അവൾ പറഞ്ഞു എന്റെ കർത്താവിനെ അവർ എടുത്ത് കൊണ്ട് പോയി. എങ്ങോട്ടാണ് കൊണ്ടുപോയതെന്ന് എന്നോടൊന്ന് പറഞ്ഞാൽ മതി. ഞാൻ അവനെ എടുത്ത് കൊണ്ട് പോകാം. തന്റെ കർത്താവിനോള്ള സ്നേഹത്തിൽ അവൾ നിറയപ്പെട്ടതുകൊണ്ടാണ് ഇങ്ങനെ പറയാൻ അവൾക്ക് കഴിഞ്ഞത്.

മറിയത്തിന്റെ സ്നേഹത്തിനു മുൻപിൽ കർത്താവ് തന്നെ തന്നെ വെളിപ്പെടുത്തി. യേശു വിളിച്ചു. 'മറിയം' ആ സ്വരത്തിൽ നിന്ന് അവൾക്ക് മനസ്സിലായി ഇത് തന്റെ യേശുവാണെന്ന്. അവൾ സ്നേഹത്തോടെ പറഞ്ഞു 'റബ്ബോനി' ഇതാണ് യഥാർത്ഥ ആരാധന. ആ ഒറ്റവിളിയിൽ അവൾ തന്റെ പ്രിയപ്പെട്ടവനോടുള്ള സ്നേഹത്തെ വെളിപ്പെടുത്തി. മറിയത്തെപ്പോലെ ഈ വിധം കർത്താവിനോടുള്ള ബന്ധത്തിൽ നമ്മുടെ ജീവിതങ്ങൾ വളരുവാനാണ് ഇന്ന് യേശു ആഗ്രഹിക്കുന്നത്. ഈ ഒരു അഭിഷേകം സ്വീകരിക്കുവാനാണ് പരിശുദ്ധാത്മാവ് നമ്മെ ഓരോരുത്തരേയും വിളിക്കുന്നത്. നമ്മുടെ കർത്താവ് നമ്മിൽനിന്ന് ആഗ്രഹിക്കുന്നത് അവനുമായുള്ള കൂട്ടായ്മയിൽ നമ്മളായിരിക്കുക എന്നതാണ്. ഈ ലോകത്തിലെ മറ്റെന്തിനേക്കാളും ഉപരിയായി നമ്മുടെ യേശുവിനെ കണ്ട് കൊണ്ട് അവനോടുള്ള സ്നേഹത്തിൽ നമുക്ക് വളരാം. അവന്റെ നാമത്തെ നമുക്ക് മഹത്വപ്പെടുത്താം. കുഞ്ഞുങ്ങളിലും യുവജനങ്ങളിലും ദമ്പതിമാരിലും സമർപ്പിതരിലും വൈദികരിലും യേശു കർത്താവിനോടുള്ള അഭേദ്യമായ ബന്ധത്തിന്റെ അഭിഷേകം വ്യാപരിക്കട്ടെ. കർത്താവിന്റെ സാന്നിദ്ധ്യം എപ്പോഴും നമുക്ക് കൂട്ടായിരിക്കട്ടെ.